## ആദ്യഫലപ്പെരുന്നാൾ – 2007 ഒക്ടോബർ 14








## കൊച്ചുകഥ – പ്രവർത്തിഫലം

ഒരിക്കൽ ഒരു കൊച്ചുപെൺകുട്ടി മാതാവിനോടു ചോദിച്ചു. അമ്മേ നമ്മുടെ തോട്ടത്തിലുള്ള ആപ്പിൾ മരങ്ങളിൽ ഒരെണ്ണം എനിക്കായിട്ടു തരുമോ ?

മകളെ എന്തിനാണത് ? അവയെല്ലാം നിന്റേതാണല്ലോ. തോട്ടം മുഴുവൻ നമ്മുടെ സ്വന്തമല്ലെ?

ശരിയാണമ്മേ, പക്ഷെ ഒരെണ്ണം എനിക്കു സ്വന്തമായിട്ടുവേണം അതിലുള്ള പഴങ്ങളെല്ലാം എനിക്ക് കർത്താവിനു സമ്മാനമായിട്ടു കൊടുക്കാനാണ് എന്നു കുട്ടി മറുപടി പറഞ്ഞു.

അമ്മ അവളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുത്തു. അവൾ തോട്ടത്തിലേക്കോടി ഒരു മരത്തിൽ പിടിച്ചുകൊണ്ട് കർത്താവേ ഇതു നിന്റെ വകയാണെന്നു പറഞ്ഞു.

കുറച്ചുവർഷങ്ങൾക്കുശേഷം അവളുടെ അമ്മ ഏതാനും മിഷനറിമാർക്കെഴുതിയ ഒരു കത്തിൽ വിവരിച്ചതിങ്ങനെയാണ്. ഞങ്ങളുടെ പ്രിയ മകൾ പെട്ടെന്നു സ്വർഗ്ഗത്തിലേയ്ക്കു വിളിക്കപ്പെട്ടു. അവൾ ഇപ്പോൾ കർത്താവിനോടുകൂടെയാണ്. ഈ വർഷം അവളുടെ ആപ്പിൾ മരം ആദ്യമായി കായിച്ചു. ആ പഴങ്ങൾ വിറ്റുകിട്ടിയ പണം ഇതിന്റെ കൂടെ അയക്കുന്നു.

നിങ്ങൾ ഈ ലോകത്തിൽ നിന്ന് കടന്നുപോയാലും നിങ്ങളുടെ നല്ല പ്രവർത്തികൾ ഫലം ചെയ്തുകൊണ്ടിരിക്കും.

## കുടുംബവിശേഷങ്ങൾ

### മാമോദീസ

കലൂർ പഴയപറമ്പിൽ കണ്ടത്തിൽ ഫിലിപ്പ് മാത്യുവിന്റെയും സ്റ്റെല്ലാ ഫിലിപ്പിന്റെയും മകൾ സാറാ മറിയം ഫിലിപ്പിന്റെ മാമോദീസ 2007 ഒക്ടോബർ 27ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

*ഈ പൈതൽ ദൈവകൃപയിൽ വളരട്ടെ!!*

### മത്സരവിജയികൾ

**വൈ.എം.സി.എ. എക്യുമിനിക്കൽ ഇന്റർ സൺഡേ സ്ക്കൂൾ കോംപറ്റീഷൻസ്**

എറണാകുളം വൈ.എം.സി.എ നടത്തിയ എക്യുമിനിക്കൽ ഇന്റർ സൺഡേ സ്ക്കൂൾ കോംപറ്റീഷനിൽ നമ്മുടെ കുട്ടികൾ പ്രശസ്തവിജയം നേടി. എറണാകുളം ഡിസ്ട്രിക്ടിലുള്ള പതിനെട്ടു സൺഡേ സ്ക്കൂളുകൾ മത്സരത്തിൽ പങ്കെടുത്തിരുന്നു.

**സീനിയർ ഗേൾസ് :**

1. സോളോ – ഒന്നാം സ്ഥാനം – അനുപ അന്ന തോമസ്
2. ഗ്രൂപ്പ് സോങ്ങ് : മൂന്നാം സ്ഥാനം : അനുപ തോമസ്, ചിന്നു ഏലിയാസ്, ഷിൽപ ജോൺ, എമി എഡ്‌വിൻ, ജ്യോതി, ഫേബ റീന ജോർജ്ജ്, ജോർജ്ജിനാ റീനാ ജോർജ്ജ്, ജിബി മാത്യു)


Anupa Anna Thomas


Feba Reena George

**ജൂനിയർ ഗേൾസ് :**

1. സോളോ – ഒന്നാം സ്ഥാനം : ഫേബ റീന ജോർജ്ജ്
2. ബൈബിൾ റീഡിംഗ് (മലയാളം) : മൂന്നാം സ്ഥാനം : ഫേബ മാത്യു

ഈ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേരുന്നു.

## വിശേഷ ദിവസങ്ങൾ

**നവംബർ :**

| | | |
|---|---|---|
| 8 വ്യാഴം | : | മോറാൻ മോർ ബസ്സേലിയോസ് മാർത്തോമ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 11 ഞായർ | : | ഹുദോസ് ഈത്തോ ഞായറാഴ്ച |
| 18 ഞായർ | : | സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| 24 ശനി | : | പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദിവാന്നാസ്യോസ് മെത്രാപ്പോലീത്തയുടേയും, ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും, സംയുക്ത ഓർമ്മ പെരുന്നാൾ കോട്ടയം പഴയ സെമിനാരി. |
| 25 ഞായർ | : | പരി ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |

**ഡിസംബർ**

| | | |
|---|---|---|
| 1 ശനി | : | ഇരുപത്തിയഞ്ച് നോമ്പാരംഭം |
| 2 ഞായർ | : | ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച. |

Sponsored by :
MUTHOOT PAPPACHAN GROUP
Since 1939
A Duty to Deliver

**Editorial Board** : P.T. John (98951 43625), Thomas John (93886 22449), K. K. George(94470 40484), Mammen Abraham (94473 68886) & Suma Mathew (98460 25711) **Printed at** : RJ Press, Kaloor
**Edited & Published by :** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
*For Private Circulation only*

VOL : 1. ISSUE : 7 NOVEMBER 2007

## എഡിറ്റോറിയൽ

### ക്രിസ്തീയ പങ്കുവയ്ക്കൽ

നാട്ടിൻപുറത്തുകാരൻ വൃദ്ധകർഷകന്റെ കഥ പലരും കേട്ടിരിക്കും. നമുക്കുള്ളത് പങ്കുവയ്ക്കണമെന്ന വചനം കേട്ട കർഷകൻ പ്രസംഗം കഴിഞ്ഞ് അച്ചനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു. അച്ചാ എനിക്ക് അൻപതു കാളകളുണ്ടായിരുന്നെങ്കിൽ ഇരുപത്തിയഞ്ചെണ്ണത്തിനെ ദൈവത്തിനുകൊടുക്കാമായിരുന്നു. അതുപോലെ എനിക്ക് പതിനായിരം രൂപയുണ്ടായിരുന്നെങ്കിൽ അയ്യായിരം രൂപ പള്ളിക്കുകൊടുക്കാമായിരുന്നു. അപ്പോൾ അച്ചൻ ചോദിച്ചു. നിനക്ക് രണ്ട് ആടുകൾ ഉണ്ടെങ്കിൽ അതിലൊന്നിനെ ദൈവത്തിനുകൊടുക്കരുതോ ? അയാളുടെ മറുപടി, അച്ചാ അതു വിഷമമാണ്. എനിക്ക് രണ്ടാടുകളുണ്ടെന്ന് അച്ചനറിയാമല്ലോ.

നമ്മുടെ ചിന്തയും വിശ്വാസവും ഈ വിധത്തിലാകരുത്. "ഞാനൊഴിച്ച് എല്ലാവരും സ്വത്തിന്റെ വീതം പങ്കുവയ്ക്കട്ടെ. എന്റെ സ്വത്ത് എന്റേയും മക്കളുടെയും മാത്രമായിരിക്കണം" എന്നുള്ള ചിന്ത മാറിയാലെ ദൈവഹിതം നമ്മിൽ നടപ്പാകുകയുള്ളു.

ഈ ചെറിയവരിൽ ഒരാൾക്ക് നിങ്ങൾ ചെയ്യുന്നത് എനിക്കായി ചെയ്യുന്നു എന്നറിഞ്ഞുകൊൾവിൻ എന്നാണല്ലോ യേശുക്രിസ്തു പറഞ്ഞത്. ദൈവത്തിനുവേണ്ടി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ കൺമുന്നിലുള്ള അയൽക്കാരനുവേണ്ടി ജീവിക്കണം. പങ്കുവയ്ക്കലിന്റെയും, സ്വയം നൽകലിന്റെയും ദൈവിക ലക്ഷ്യങ്ങൾക്ക് കീഴടങ്ങിയിരിക്കലിന്റെയും മാർഗ്ഗമാണ് ദൈവരാജ്യ ശൈലിയെന്ന് യേശു പഠിപ്പിച്ചു. (മത്തായി 13:16)

പലരുടെയും വിചാരം നമുക്ക് ഒന്നും തികയുന്നില്ല, പിന്നെ മറ്റുള്ളവരെ എങ്ങനെ സഹായിക്കും എന്നാണ്. അതുകൊണ്ടാണ് നമുക്കുള്ളതിന്റെ (നമുക്കു മിച്ചമുള്ളതിന്റെയല്ല) ഒരു പങ്ക് സഹായമർഹിക്കുന്നവർക്ക് കൊടുക്കണമെന്ന് സഭ പഠിപ്പിക്കുന്നത്. നിത്യജീവൻ പ്രാപിക്കാൻ നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കുവാൻ യേശുക്രിസ്തു ധനവാനായ പ്രമാണിയോട് മറപടി പറയുന്നുണ്ടല്ലോ. ക്രിസ്തുവിന്റെ സ്നേഹം ഏറ്റുവാങ്ങുവാൻ, നമ്മുടെ സമ്പാദ്യങ്ങൾ ആവശ്യമുള്ളവരുമായി പങ്കുവെയ്ക്കുന്നതിലൂടെ സാധ്യമാവുന്നതായി യേശുവിന്റെ മറുപടിയെ കാണണം.

ബാലന്റെ കയ്യിലുണ്ടായിരുന്ന അഞ്ചപ്പവും രണ്ടുമീനും പതിനായിരങ്ങൾക്ക് ഭക്ഷണമാക്കാൻ യേശുവിനു കഴിഞ്ഞെങ്കിൽ നമ്മുടെ കഴിവനുസരിച്ചുള്ള ഓരോ ദാനവും പലമടങ്ങായി നമുക്കും നമ്മുടെ ചുറ്റുമുള്ളവർക്കും ദൈവം എത്തിച്ചുകൊടുക്കും.

പരുമലത്തിരുമേനി പറഞ്ഞിരിക്കുന്നത് ആവശ്യത്തിങ്കൽ കൊടുക്കപ്പെടാതിരിക്കുന്ന സമ്പാദ്യം ശത്രുക്കൾക്കായി സൂക്ഷിക്കയാണ് എന്നാണ്.

സ്വത്തു കൂട്ടിവെയ്ക്കുമ്പോഴുള്ളതിന്റെ പതിന്മടങ്ങ് സന്തോഷം ലഭിക്കുക സഹായം ആവശ്യമുള്ളവർക്ക് അതു നൽകുമ്പോഴാണ്.

സ്വരൂക്കൂട്ടിവച്ച് നിരാശയിൽ അവസാനിക്കുന്നതിനെക്കാൾ നല്ലത് പങ്കുവെച്ച് സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുകയല്ലേ?

## ഇടയ സന്ദേശം

### മലങ്കര ഓർത്തഡോക്സ് സഭയിൽ മിഷൻ പ്രവർത്തനത്തിന് ഇന്നുള്ള പ്രസക്തി

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര വ്യാപാരങ്ങൾ അനുപമമായ പ്രഥമ മിഷൻ പ്രവർത്തനമായിരുന്നു. തന്റെ മരണാനന്തരം അതുതുടർന്നുകൊണ്ടിരിപ്പാൻ ശിഷ്യന്മാരെ ചുമതലപ്പെടുത്തി. നിങ്ങൾ ലോകമെമ്പാടും പോയി സകല ജാതികളോടും സുവിശേഷം അറിയിക്കണമെന്നായിരുന്നു നിർദ്ദേശം. മാമോദീസ മുക്കി സഭയോട് ചേർക്കണമെന്നുള്ള സൂചന വി. മത്തായിയുടെയും, മർക്കോസിന്റെയും സുവിശേഷങ്ങളിലുണ്ടെങ്കിലും മറ്റു രണ്ടു സുവിശേഷങ്ങളിലും കാണുന്നില്ല. കൽപന പ്രകാരം തോമാശ്ളീഹാ ഭാരതത്തിലെത്തി മലങ്കര സഭ സ്ഥാപിച്ചു. അഥവാ സുവിശേഷമറിയിച്ചത് അംഗീകരിച്ചവരുടെ കൂട്ടായ്മക്ക് നേതൃത്വം നൽകി. സഭ രൂപീകൃതമായി. ലോകസഭകളിൽ പഴക്കവും പാരമ്പര്യവും കൊണ്ട് മുൻപന്തിയിൽ മലങ്കര സഭയുടെ പേരുണ്ടാകും. തോമാശ്ളീഹാ എ.ഡി. 52ൽ കേരളത്തിൽ വരുകയും, 20 വർഷം സുവിശേഷം അറിയിക്കുകയും, 72ൽ മയിലാപ്പൂരിൽ വച്ച് സഹദാമരണം പ്രാപിക്കുകയും ചെയ്തു എന്നാണല്ലോ ചരിത്രവും നമ്മുടെ വിശ്വാസവും. തോമാശ്ളീഹായിക്കു ശേഷം സഭയുടെ ഗതിവികതികളെപ്പറ്റി ചരിത്രരേഖകൾ ലഭിച്ചിട്ടുള്ളതായി അറിവില്ല. 16–ാം നൂറ്റാണ്ടുമുതൽ പാശ്ചാത്യരാജ്യങ്ങളിൽ നിന്ന് കച്ചവടകമ്പനികൾ ഭാരതത്തിൽ വാണിജ്യപരമായ കാര്യങ്ങൾക്ക് വന്നുകൊണ്ടിരുന്നു. അവരൊക്കെ കേരളത്തിലും എത്തി. ഭാരതത്തിൽ മറ്റെങ്ങും കാണാൻ കഴിയാത്ത ക്രിസ്ത്യാനികളെ കേരളത്തിൽ മാത്രം കാണാൻ സാധിച്ച മിഷനറിമാരടങ്ങുന്ന പാശ്ചാത്യ ക്രിസ്ത്യൻ കമ്പനിക്കാർ കേരളത്തിലെ നസ്രാണികളെ അവരുടെ പാട്ടിലാക്കുവാൻ ഏറെ പരിശ്രമം നടത്തി. തോമാശ്ളീഹായ്ക്കു ശേഷം 15 നൂറ്റാണ്ടുകൾ കേരളത്തിൽ ജീവിച്ച നസ്രാണികൾ പാശ്ചാത്യ മിഷനറിമാർ എത്തുന്നതുവരെ ദക്ഷിണേന്ത്യയിൽ മുഴുവൻ തേമാശ്ളീഹായുടെ സുവിശേഷ ദൗത്യം എത്തിക്കാൻ തുനിഞ്ഞിരുന്നെങ്കിൽ അവിടൊക്കെ സഭയുണ്ടാകുകയും പറങ്കികൾക്ക് നസ്രാണികളെ കീഴടക്കാമെന്ന ചിന്ത ഉണ്ടാകാതിരിക്കുകയും ചെയ്യുമായിരുന്നു. പാശ്ചാത്യസഭയിൽ 16–ാം നൂറ്റാണ്ടിലെ നവീകരണ വിപ്ലവത്തിന് ശേഷം സഭാവിഭാഗങ്ങൾ ഒന്നിനുപുറകെ ഒന്നായി വർദ്ധിക്കുകയും മിഷൻ പ്രവർത്തനം ശുഷ്കാന്തിയോടെ എല്ലാ ദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ സഭകൾ അത്യദ്ധ്വാനം നടത്തുകയും ചെയ്തു. ഭാരതവ്യാപാരകമ്പനിയായി ഇംഗ്ലീഷുകാർ രൂപം നൽകിയ "ഈസ്റ്റ് ഇന്ത്യാ കമ്പനി" ഇന്ത്യയിലെ രാഷ്ട്രീയ ശക്തിയാകുകയും നാട്ടുരാജ്യങ്ങൾ പിടിച്ചടക്കി സാമ്രാജ്യ നിർമ്മാണത്തിൽ വിജയിക്കുകയും സാമ്രാജ്യം ബ്രിട്ടീഷ് ഗവൺമെന്റിന് കൈമാറുകയും ചെയ്ത ചുറ്റുപാടിൽ വിവിധ സഭകളിലെ വിദേശ മിഷനറിമാർ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ കേന്ദ്രങ്ങളുണ്ടാക്കി മിഷൻ പ്രവർത്തനങ്ങൾ തുടങ്ങി. അവരുടെ പ്രവർത്തനഫലമായാണ് കേരളത്തിന് പുറത്ത് ഭാരതത്തിൽ ക്രിസ്തുമതം പ്രചരിച്ചത്. ഭാരതസ്വാതന്ത്ര്യത്തിന് ശേഷം വിദേശ മിഷനറിമാരെ ഗവൺമെന്റ് നിരോധിച്ചതിനാൽ അവർ മടങ്ങി

പ്പോയി. അവരോട് ചേർന്ന സഭാവിഭാഗം അവരുടെ മിഷൻപ്രവർത്തന ങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ടുവന്നു. കേരളത്തിൽ പ്രധാന സഭാവിഭാഗങ്ങൾ പാശ്ചാത്യ സഭാവിഭാഗത്തിൽ പരിശീലിച്ചതിനാൽ അവർക്ക് ഉത്തരഭാരതത്തിലും കേരളത്തിനുവെളിയിൽ ദക്ഷിണേന്ത്യയിലും ഏറെ മിഷൻ പ്രവർത്തനങ്ങൾ നടത്താൻ കഴിവുണ്ടായി. ഈ മേഖലയിൽ ഓർത്തഡോക്സ് സഭയ്ക്ക് കാര്യമായി ഒന്നും ചെയ്യാൻ സാധിക്കാതെപോയി. ആ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമമായിരുന്നു, ഭിലായ് മിഷൻ സ്ഥാപിക്കുന്നതിന് മാത്യൂസ് അത്തനാസിയോസ് തിരുമേനിയെ (പിന്നീട് മാത്യൂസ് പ്രഥമൻ കതോലിക്ക) പ്രേരിപ്പിച്ചത്.

**(തുടരും : ഭിലായി മിഷന്റെ ഉത്ഭവം)**

**Dr. Stephanos Mar Theodosius,**
Metropolitan, Diocese of Calcutta

## വികാരിയുടെ കത്ത്

ഇന്നു നമ്മുടെ സമൂഹത്തിൽ പണ്ടുള്ളതിനേക്കാൾ അധികം വിവാഹമോചനകേസുകൾ നിലവിലുണ്ട്. അതിന്റെ സിംഹഭാഗവും ക്രിസ്തീയ വിവാഹങ്ങളെക്കുറിച്ചുള്ളതാണ്. അനേകകുടുംബങ്ങളിൽ സന്തോഷമില്ല, സമാധാനമില്ല, ഐക്യതയില്ല. എന്താണ് ക്രിസ്തീയ കുടുംബങ്ങളിൽ സംഭവിക്കുന്നത്? ഈ കാര്യത്തിൽ നമുക്കെന്തു ചെയ്യാൻ കഴിയും.

വിവാഹത്തിന്റെ സ്ഥാപകനും ആലോചനക്കാരനും സ്വർഗ്ഗസ്ഥനായ ദൈവമാകുന്നു. (ഉൽ. 2:18–24) മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട് അവന് ഒരു ഗാഢ നിദ്ര വരുത്തി അവന്റെ വാരിയെല്ലിൽ നിന്നും സ്ത്രീയെ ഉണ്ടാക്കി. ഒരു തക്ക ഇണയെ മനുഷ്യന് ദൈവം കൊടുത്തു. ഏദന്റെ പൂങ്കാവനത്തിൽ മനുഷ്യന് തക്ക ഇണയെ കൊടുത്ത് ദൈവം ഭൂമിയിൽ വിവാഹം സ്ഥാപിച്ചു. ദൈവം യോചിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നുള്ളത് ദൈവീക കൽപ്പനയാണ്. (മത്തായി 19:6)

നമ്മുടെ കർത്താവായ യേശു മിശിഹാ ആദ്യമായി ഒരു അടയാളം ചെയ്തത് കാനാവിലെ കല്ല്യാണവീട്ടിലാണല്ലൊ. തിരുവചനത്തിൽ ആദ്യം ഉൽപ്പത്തിപുസ്തകത്തിൽ ഒരു കല്ല്യാണത്തെക്കുറിച്ച് പറയുകയും അവസാന പുസ്തകമായ വെളിപ്പാടു പുസ്തകത്തിൽ മറ്റൊരു കല്ല്യാണ മഹോത്സവത്തെക്കുറിച്ച് പറയുകയും ചെയ്യുന്നു. അത് യേശുക്രിസ്തുവും ദൈവസഭയും തമ്മിലുള്ള വിവാഹമാണ്.

**വിവാഹത്തിന്റെ ഉദ്ദേശം :**

**തക്ക തുണയായിരിക്കേണ്ടതിന് :** (ഉൽ 2:18) തക്കതായ ഒരു തുണയെ കൊടുക്കുക എന്നുള്ളതാണ് വിവാഹത്തിന്റെ ഉദ്ദേശം. എല്ലാ പക്ഷിമൃഗാദികൾക്കും ഇണയുണ്ട് മനുഷ്യന് ഇണയല്ല വേണ്ടത് തുണയാണ്.

**സന്താനവർദ്ധനവിന് :** ദൈവം അവരെ അനുഗ്രഹിച്ചു, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് ... (ഉൽ. 1:27–28)

നോഹയെയും പുത്രന്മാരെയും ദൈവം അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറവിൻ. (ഉൽ.9:1).

**കുടുംബമായി ദേവത്തെ ആരാധിപ്പാൻ :** തന്നെ സേവിപ്പാൻ വേണ്ടി ദൈവം ഭൂമിയിൽ കുടുംബങ്ങളെ ഉണ്ടാക്കി (ഉൽ.18:19). ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും. (യോശു 24:15)

**ഭർത്താവിന്റെ കടപ്പാടുകൾ :** (എഫേ 5:25–28) ഭാര്യമാരെ സ്വന്ത ശരീരത്തെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. അവരെ പോറ്റി പുലർത്തണം (എഫേ 5:29). വിവേകത്തോടെ ഭാര്യയോടു കൂടി വസിക്കണം. അവർക്ക് ബഹുമാനം കൊടുക്കണം, (1 പത്രോസ് 3:7).

**ഭാര്യയുടെ കടപ്പാട് :** ഭർത്താക്കന്മാർക്ക് സകലതിനും കീഴടങ്ങിയിരിക്കണം (എഫേ 5:24, തീത്തോ 2:4–5). വീട്ടുകാര്യം നോക്കുന്നവരായിരിക്കണം. കർത്താവിൽ ഉചിതമായി ഭർത്താക്കന്മാർക്ക് കീഴ്പെടണം (1 പത്രോസ് 3:6) അബ്രഹാമിനെ സാറ യജമാനൻ എന്നു വിളിച്ച് ബഹുമാനിച്ച് അനുസരിച്ചതുപോലെ ഭാര്യമാർ ഭർത്താക്കന്മാരെ ബഹുമാനിക്കണം (1 കൊരി 11:3) സ്ത്രീയുടെ തല പുരുഷൻ. ഒരുമിച്ച് അതിഥികളെ സൽക്കരിക്കണം. മക്കളെ ദൈവവഴിയിൽ വളർത്തണം (എബ്രാ 13:1–2).

ഒരു യന്ത്രത്തിന് അത് പ്രവർത്തിപ്പിക്കുമ്പോൾ ചില നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. നിർദ്ദേശം പാലിച്ചില്ലെങ്കിൽ യന്ത്രം കേടാകും. അതുപോലെ വിവാഹബന്ധത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങളാണ് മുകളിൽ ദൈവവചനങ്ങളിൽ നാം കാണുന്നത്. അത് മനസ്സിലാക്കുകയും പ്രവർത്തിയിൽ കൊണ്ടുവരികയും ചെയ്താൽ വിവാഹമോചനക്കാര്യം ജീവിതത്തിൽ ഉദിക്കുകയില്ല.

ആത്മമണവാളനായ ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള വിവാഹം ആസന്നഭാവിയിൽ സ്വർഗ്ഗത്തിൽ നടക്കും അതിന്റെ ഭൂമിയിലെ നിഴലാണ് ഭൂമിയിലെ വിവാഹം. ആകയാൽ യേശുവുമായുള്ള ഒരു വിവാഹത്തിന് നമുക്ക് ഒരുങ്ങാം. അതിന് ദൈവമായ കർത്താവ് സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്.

**നിങ്ങളുടെ ഇടമ്പാടത്തച്ചൻ**

## സൂത്രശാലിയായ യാക്കോബ്

ഏശാവ് തന്റെ സഹോദരനായ യാക്കോബിനെക്കുറിച്ചു പറയുന്നു. രണ്ടു പ്രാവശ്യം അവൻ എന്നെ ചതിച്ചു; അവൻ എന്റെ ജ്യേഷ്ഠാവകാശം അപഹരിച്ചു; ഇപ്പോൾ ഇതാ എന്റെ അനുഗ്രഹവും അപഹരിച്ചുകളഞ്ഞു. (ഉൽപത്തി 27:36) അബ്രഹാം വിശ്വസ്തതയ്ക്ക് കീർത്തികേട്ടവനായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ പൗത്രനായ യാക്കോബിന് ചതിയൻ എന്ന പേരു ലഭിച്ചു. അമ്മയുടെ ഉദരത്തിൽ നിന്ന് ആദ്യം പുറത്തേക്കുവന്ന തന്റെ ഇരട്ട സഹോദരനായ ഏശാവിന്റെ കുതികാൽ പിടിച്ചുകൊണ്ടാണ് യാക്കോബ് രംഗപ്രവേശം ചെയ്യുന്നത്. യാക്കോബ് എന്ന പേരിന്റെ അർത്ഥം തന്നെ കുതികാൽ പിടിക്കുന്നവൻ, അല്ലെങ്കിൽ ചതിയൻ എന്നാണ്.

യാക്കോബ് പിതാവായ ഇസഹാക്കിൽ നിന്ന് തട്ടിയെടുത്ത അനുഗ്രഹം ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് യാത്രികമായി കൈമാറപ്പെടുമെന്ന് വിശ്വസിക്കപ്പെടുന്ന ഐശ്വര്യവും, സമ്പൽസമൃദ്ധിയും മാത്രമല്ല. തന്റെ പിൻതലമുറകൾ ദൈവത്തിന്റെ സ്വന്തം ജനമായി വലിയ ഒരു രാഷ്ട്രമായിത്തീരുമെന്ന് യഹോവ അബ്രഹാമിനു നൽകിയ അനുഗ്രഹം കൂടിയാണ്.

യാക്കോബിന് തന്റെ പ്രവർത്തിക്ക് തക്കതായ വില കൊടുക്കേണ്ടിവന്നു. തന്റെ സഹോദരനെ ഭയന്ന് സ്വന്തനാടും, വീടും വിട്ട് ഓടിയ യാക്കോബ് തന്നിലും വലിയ ചതിയനായ മാതൃസഹോദരൻ ലാബാന്റെ അടുക്കൽ എത്തിച്ചേർന്നു. അവിടെ വളരെ പാടുപെട്ട് 20 വർഷം പരദേശിയായി പാർത്തു. താൻ സ്നേഹിച്ച റാഹേലിനുവേണ്ടി കരാറനുസരിച്ച് 7 വർഷം പണിയെടുത്ത യാക്കോബിന് ലാബാൻ ചതിയിലൂടെ കൊടുത്തത് തന്റെ മൂത്തപുത്രിയായ ലിയായെ ആയിരുന്നു. റാഹേലിനേയും താമസിയാതെ യാക്കോബിനു കൊടുത്തുവെങ്കിലും അതിനുവേണ്ടി പിന്നേയും ഏഴു വർഷം കൂടി കഷ്ടപ്പെടേണ്ടിവന്നു. ആട്ടിടയന്മാരുടെ തലവൻ എന്ന നിലയിൽ യാക്കോബിനു ലഭിക്കേണ്ട വേതനം ലാബാൻ കൂടെക്കൂടെ മാറ്റിക്കൊണ്ടേയിരുന്നു. ലാബാന്റെ ആൺമക്കൾ യാക്കോബിനോട് പോരാടുവാൻ തീരുമാനിച്ചതറിഞ്ഞ്, യാക്കോബ് യഹോവയുടെ നിർദ്ദേശപ്രകാരം തന്റെ ഭാര്യമാരെയും, മക്കളെയും കൂട്ടി തന്റെ സമ്പാദ്യങ്ങളുമായി പലായനം ചെയ്യേണ്ടതായും വന്നു.

ഉൽപത്തി പുസ്തകം, യാക്കോബിന്റെ കൗശലങ്ങളെ അംഗീകരിക്കുകയോ, ശരിവയ്ക്കുകയോ ചെയ്യുന്നില്ലെന്നുള്ളത് വ്യക്തമാണ്. പക്ഷെ ഒരു വ്യക്തിയുടെ പെരുമാറ്റരീതിയെയോ, പ്രവർത്തികളെയോ ആസ്പദമാക്കിയല്ല ദൈവത്തിന്റെ തിരഞ്ഞെടുപ്പ്. ദൈവത്തിനുവേണ്ടവരെ ദൈവം തിരഞ്ഞെടുക്കുന്നു. ദൈവത്തിന്റെ അനന്തമായ, അഗാധമായ അറിവിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങളെ അധിക്ഷേപിക്കുവാൻ ആർക്കും അവകാശമില്ലെന്നാണ് പൗലോസ് അപ്പോസ്തോലന്റെ അഭിപ്രായം. (റോമർ: 9). കുറ്റവും കുറവുമുള്ളവരെ വീണ്ടെടുത്ത് അവരിൽകൂടിയാണ് ചിലപ്പോൾ ദൈവം തന്റെ പദ്ധതികളെ നടപ്പാക്കുന്നത്.

ഉൽപത്തിയിലെ തിരസ്ക്കരിക്കപ്പെട്ട സഹോദരങ്ങളായ കായേൻ, ഇസ്മായേൽ, റൂബേൻ, ഏശാവ്, മനശ്ശെ എന്നിവരോട് ദൈവം ഗുണകരമായി പെരുമാറി. അവരുടെ സന്തതിപരമ്പരകൾ ദൈവത്തിന്റെ സംരക്ഷണയിൽ വലിയ രാഷ്ട്രങ്ങളായിത്തീർന്നു.

**പി.റ്റി. ജോൺ**

## ധ്യാനനിമിഷങ്ങൾ

### ചിന്തകൾ സർഗ്ഗാത്മകമാക്കാം

സർഗ്ഗാത്മക ചിന്തകൾ (Positive Thinking) ജീവിതത്തെ ചൈതന്യവത്താക്കുമ്പോൾ നിഷേധാത്മക ചിന്തകൾ (Negative Thinking) നമ്മുടെ വിശ്വാസത്തെയാദ്യം നിഹനിക്കുന്നു. പിന്നീട് പ്രത്യാശയെയും സ്നേഹത്തെയും സന്തോഷത്തെയും കെടുത്തിക്കളയുന്നു. നിഷേധം, വൈരാഗ്യം, വിദ്വേഷം, പക, അസൂയ മുതലായ ദോഷവികാരങ്ങൾ ഉളവാക്കുന്നു.

നോർമൻ കസിൻസ് എഴുതി; നിഷേധാത്മക ചിന്ത കൊലയാളിയായി നമ്മിൽ പ്രവർത്തിക്കുന്നു എന്നതു തെളിയിക്കപ്പെട്ട സത്യമാണ്. നിരാശ നമ്മെ മരണത്തിലേയ്ക്ക് നടത്തുന്നു. അപ്പോൾ സർഗ്ഗാത്മകചിന്ത അതിനു നേരെ വിപരീതാനുഭവം നമ്മിൽ കൈവരുത്തുമെന്നുള്ളത് സുവിദിതമാണല്ലോ. സുഖപ്രാപ്തി ഉണ്ടാവുകയില്ലെന്നു മിക്കവാറും കരുതപ്പെട്ട രോഗങ്ങൾ ചിരി ചികിത്സയിൽകൂടി ഭേദമാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും നോർമൻ അവകാശപ്പെടുന്നു.

ഡോക്ടർമാർ തെളിയിച്ചിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതുമായ ഒരുകാര്യം, നമ്മുടെ തലച്ചോറിലെ ഗ്രന്ഥികളിൽ വികാരോത്തേജനമുണ്ടാകുമ്പോൾ ചില രാസവസ്തുക്കൾ ഉൽപാദിപ്പിക്കപ്പെടുന്നു എന്നാണ്. വികാരക്ഷോഭമുണ്ടാകുമ്പോൾ നമ്മുടെ ശരീരം വിയർക്കുന്നു. മുഖം ചുവക്കുന്നു. നാസാരന്ധ്രങ്ങൾ വീർക്കുന്നു. സർഗ്ഗാത്മകചിന്തകളുടെ ഫലമായി തലച്ചോറിലെ ഗ്രന്ഥികൾ പുറപ്പെടുവിക്കുന്ന രാസവസ്തുക്കൾക്ക് "എൻഡോർഫിൻസ്" എന്നു പേരു നൽകിയിരിക്കുന്നു. ഏതാണ്ട് നാൽപത് എൻഡോർഫിൻസ് വരെ കണ്ടെത്തി തരം തിരിച്ചിട്ടുണ്ട്. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും വികാരങ്ങൾ ആരോഗ്യത്തെ സംരക്ഷിക്കുന്ന രാസപദാർത്ഥങ്ങൾ ഉൽപാദിപ്പിക്കുന്നു. അതുകൊണ്ട് നിഷേധചിന്തകളെ നിരസിച്ച് സർഗ്ഗാത്മക ചിന്തകളിൽ മനസ്സു വ്യാപരിക്കുമ്പോൾ അതു ആരോഗ്യദായകമായി പരിണമിക്കുന്നു.

ലോകം മുഴുവൻ ആദരിക്കുന്ന മദർ തെരസായുടെ ജീവിതരഹസ്യം പോസിറ്റീവ് ചിന്താഗതി ആയിരുന്നു. മദറുമായുള്ള ഒരു സംഭാഷണം ശ്രദ്ധിക്കുക. അമ്മയെ ഏല്ലാവരും ഒരു വിശുദ്ധയായി കരുതുന്നു. അതുകൊണ്ട് ചോദിക്കുകയാണ്, പാപത്തിനെതിരായി പോരാട്ടം നടത്തേണ്ടതായുണ്ടോ ?

മറുപടി : നിശ്ചയമായും അതുകൊണ്ടാണ് ഞാൻ കുമ്പസാരം നടത്തുന്നത്.

ചോദ്യം : അമ്മ എപ്പോഴെങ്കിലും ആകുലചിന്തയാകാറുണ്ടോ ?

മറുപടി : ഒരിക്കലുമില്ല, എന്തെന്നാൽ എന്നെ സ്നേഹിക്കുന്ന ദൈവമുണ്ട്. അവിടുന്നു എന്നെ ആഴമായി സ്നേഹിക്കുന്നു.

ചോദ്യം : എപ്പോഴെങ്കിലും കരഞ്ഞിട്ടുണ്ടോ?

മറുപടി : അടുത്തകാലത്തെങ്ങുമില്ല. കരയേണ്ടകാര്യമില്ല. ചില മാതാക്കളും അവരുടെ കുഞ്ഞുങ്ങളും ദുരിതമനുഭവിക്കുന്നതുകാണുമ്പോൾ ഞാൻ ചിലപ്പോൾ കരഞ്ഞിട്ടുണ്ട്.

ചോദ്യം : അമ്മ ഏറെ ചിരിക്കാറുണ്ടോ ?

മറുപടി : വളരെ നർമ്മബോധമുള്ളതിനു ദേവത്തിനു സ്തുതി.

ചോദ്യം : എന്തിനെക്കുറിച്ചെങ്കിലും കുണ്ഠിതമുണ്ടോ ?

മറുപടി : ദൈവകൃപയാൽ ഒന്നിനെക്കുറിച്ചുമില്ല. മദർ തെരസായ്ക്കു ജീവിതത്തിൽ സന്തോഷവും, സംതൃപ്തിയും പുലർത്താൻ കഴിഞ്ഞത് നിഷേധാത്മകചിന്തകളെ ഒഴിച്ചുനിർത്തിയതുകൊണ്ടാണ്. നമ്മുടെ മനസ്സിന്റെ വ്യാപാരം നമ്മുടെ നിയന്ത്രണത്തിലുള്ളതാണ്. നിഷേധാത്മക നിരൂപണങ്ങൾ കടന്നുവരാതെ സൂക്ഷിക്കാൻ നമുക്കു കഴിയും. നിഷേധാത്മക ചിന്തകൾ കടന്നുവരാതിരിക്കണമെങ്കിൽ സർഗ്ഗാത്മകചിന്തകൾക്കിടം കൊടുക്കണം.

**ഫാ. ടി. ജെ. ജോഷ്വ**

## വിശുദ്ധ കുർബ്ബാന നേരംപോക്കോ ?

പലപ്പോഴും സഭ വിട്ടുപോയി പല കൂട്ടായ്മയിലും പങ്കെടുക്കുന്നവർ പറയുന്നത്, പള്ളിയിൽ വന്നിട്ട് ഒരു പ്രയോജനവും ഇല്ല, സമാധാനവുമില്ല, ഒരു ഗുണവുമില്ല, കുർബ്ബാന ഒരു നേരമ്പോക്കാണ് ആ സമയത്ത് ദൈവവചനം കേൾക്കുകയും, ദൈവത്തെ പാടിസ്തുതിക്കുകയും ചെയ്താൽ പ്രയോജനം കിട്ടും എന്നാണ്. ഇങ്ങനെ പോകുന്നവരോട് പറയാനുള്ളത്, നമ്മുടെ സഭയുടെ പഠിപ്പിക്കലിലും പ്രാർത്ഥനയിലും മുഴുകണം, കർത്താവിൽ ആശ്രയം വെക്കണം എന്നുള്ളതാണ്. നമ്മെ നേർവഴി കാണിച്ചുതന്ന സത്യവിശ്വാസികളായ ശുദ്ധിമാൻമാരെയും ശുദ്ധിമതികളെയും ഓർക്കണം. അവരുടെ മദ്ധ്യസ്ഥത അപേക്ഷിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം. പിന്നെ അഹങ്കാരമനസ്സ് സ്വന്ത ഹൃദയത്തിൽ നിന്ന് എടുത്തുകളയണം. ഇത്രയുമാകുമ്പോൾ ഹൃദയസമാധാനവും ദൈവാനുഗ്രഹവും ഉണ്ടാകും. വിശുദ്ധ കുർബ്ബാന അനുഭവിക്കാൻ പ്രാർത്ഥനയോടെ ഒരുങ്ങുന്നവർ വെടിപ്പോടെ വിശുദ്ധിയോടും കൂടി കർത്താവിന്റെ തിരു ശരീരരക്തങ്ങൾ സ്വീകരിക്കുക. കാരണം അത് ദഹിപ്പിക്കുന്ന അഗ്നിയാണ്. അത് പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുന്നു. അത് സ്വീകരിക്കുന്നവൻ അതിനുള്ള പൂർണ്ണ ഒരുക്കമുള്ളവൻ ആയില്ലെങ്കിൽ അവനെത്തന്നെ അവൻ നശിപ്പിക്കുകയാണ് ചെയ്യുന്നത്. വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നവർക്ക് കർത്താവിൽ പ്രത്യാശയുള്ളവരായിരിപ്പാൻ കഴിയും. അവർ നിരാശരാകയില്ല. കാരണം ജീവനുള്ളവനായ ക്രിസ്തുവിനെ സ്വീകരിക്കുന്നതുവഴി നിത്യജീവനിലേക്ക് അവർ കടന്നു കഴിഞ്ഞു. കർത്താവു പറയുന്നത് എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എന്നിലും ഞാൻ അവനിലും വസിക്കും. അവൻ എന്നേക്കും ജീവിക്കും. കുർബ്ബാനയെപ്പറ്റി ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്നത് (22:19, 20.) കർത്താവ് അപ്പം എടുത്തുവാഴ്ത്തി നുറുക്കി അവർക്ക് (ശിഷ്യന്മാർക്ക്) കൊടുത്തു. "ഇത് നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം, എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ". അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു. വിശുദ്ധ കുർബ്ബാന വെണ്ടെന്നു പറയുന്നവർ ഒരു കാര്യം ഓർക്കുക. പൗലോസ്ശ്ലീഹാ കോരിന്ത്യർക്ക് എഴുതിയ 2–ാം ലേഖനം 11:13–15 വരെ. ഇങ്ങനെയുള്ളവർ കള്ള അപ്പോസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രെ അത് ആശ്ചര്യവുമല്ല. സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമില്ല. അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്ക് ഒത്തതായിരിക്കും. കർത്താവിന്റെ കൂടെ നടന്ന ശിഷ്യന്മാർ ഈ ദിവ്യബലി (കുർബ്ബാന) അനുഷ്ഠിച്ചില്ലായിരുന്നെങ്കിൽ അത് നിവർത്തിക്കാൻ പൗലോസ്ശ്ലീഹാ ഒരുങ്ങില്ലായിരുന്നു. ആയതിനാൽ സഭാവിശ്വാസികളെ, ശ്ലീഹന്മാരുടെ മഹനീയമായ മാതൃക നമ്മൾ പിൻതുടരുക. പ്രാർത്ഥിക്കുക, അപേക്ഷിക്കുക, അനുഗ്രഹം പ്രാപിക്കുക.

**ജോർജ്ജ് നിക്സൺ, താച്ചയിൽ**

## നാം കിഴക്കോട്ട് തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നതെന്തിന്

1. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് കിഴക്കുനിന്നുമായിരിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവ് ആകും. (വി. മത്തായി 24:27). അനന്തരം അവൻ എന്നെ ഗോപുരത്തിലേക്കു കിഴക്കോട്ടുള്ള ഗോപുരത്തിലേക്കുതന്നെ, കൊണ്ടുചെന്നു. അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കുവഴിയായി ചെന്നു. അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെ ആയിരുന്നു. ഭൂമി അവന്റെ തേജസ്സുകൊണ്ടു പ്രകാശിച്ചു (യെഹസ്കേൽ 43:1–2)
2. യേശുവിന്റെ ജനനസമയത്ത് കിഴക്ക് അടയാളം കണ്ടതുപോലെ, തന്റെ രണ്ടാമത്തെ വരവിലും കിഴക്ക് അടയാളങ്ങൾ കാണുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഹേരോദാ രാജാവിന്റെ കാലത്ത് യേശു യഹൂദ്യയിലെ ബെത്ലഹേമിൽ ജനിച്ചശേഷം കിഴക്കുനിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തി; യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകണ്ടു അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. (വി. മത്തായി 2: 1–2).
3. കിഴക്കിന്റെ പ്രാധാന്യം, കിഴക്കുദേശത്തെ പാലസ്തീൻ യേശുവിന്റെ ഈ ലോകത്തെ പ്രവർത്തനരംഗം ആയിരുന്നു.എന്നുള്ളതുകൂടിയാണ്.
4. യിസ്രയേൽ യേരുശലേമിലേക്കു നോക്കി പ്രാർത്ഥിക്കുന്നതുപോലെ (ദാനിയേൽ 6:5–7) നാം കാൽവരിയിലേയ്ക്കു നോക്കി പ്രാർത്ഥിക്കുന്നു.
5. കിഴക്കുവശത്തിന്റെ പ്രധാന്യം കണക്കിലെടുത്താണ് നമ്മുടെ എല്ലാ ദേവാലയങ്ങളും കിഴക്കോട്ട് ദർശനമുള്ളവയായി നിർമ്മിക്കുന്നത്.
6. എല്ലാ കാര്യങ്ങളും ചിട്ടയോടും, അടുക്കോടും ചെയ്യണമെന്ന പൗലോസ് അപ്പോസ്തലന്റെ നിർദ്ദേശം ഉൾക്കൊണ്ടുകൂടിയാണ് ഒരു പ്രാത്യേക ദിക്കിലേക്കു നോക്കി പ്രാർത്ഥിക്കണമെന്ന് സഭ അനുശാസിക്കുന്നത്.
7. തല പടിഞ്ഞാറോട്ട് വെച്ച് കിഴക്കിനെ അഭിമുഖീകരിപ്പിച്ചുകൊണ്ട് ശവസംസ്ക്കാരം നടത്തുന്നത്, നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവ് കിഴക്കുനിന്നും ആയിരിക്കുമെന്നുള്ള പ്രതീക്ഷയിലാണ്.